പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 656

19.03.2013-ൽ മറുപടിക്ക്

കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് നേരിടുന്ന പ്രതിസന്ധികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.തിലോത്തമൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിന് സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ; | (എ) കെ.എസ്.ഡി.പി ഉൽപ്പാദിപ്പിക്കുന്ന മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കൂടുതലായി വാങ്ങുന്നതിന് ധാരണയായി. 2.90 കോടി രൂപ ചെലവിൽ NABL അക്രിഡറ്റഡ് ലാബിൻെറ നിർമ്മാണം പൂർത്തിയായി. Betalactam Injection യൂണിറ്റിൻെറ നിർമ്മാണം പൂർത്തിയായിവരുന്നു. മാർക്കറ്റിംഗ് വിപുലീകരണത്തിൻെറ ഭാഗമായി ആന്ധ്രാപ്രദേശ് സർക്കാരിൽ നിന്നും 3.78 കോടി രൂപയുടെ ഓർഡർ ലഭിച്ചിട്ടുണ്ട്. |
| (ബി) സർക്കാരാശുപത്രികളുടെ ആവശ്യത്തിനായി എത്ര രൂപയുടെ മരുന്ന് കെ.എസ്.ഡി.പി-യിൽ നിന്നും ഇതിനോടകം സംഭരിച്ച് ആശുപത്രികളിൽ എത്തിച്ചുവെന്നു വിശദമാക്കുമോ; | (ബി) കെ.എസ്.ഡി.പി-യിൽ നിന്ന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ഈ സാമ്പത്തിക വർഷം 13 കോടി രൂപയുടെ മരുന്നുകൾ സർക്കാർ ആശുപത്രികളിലേയ്ക്ക് സംഭരിച്ചു. |
| (സി) കെ.എസ്.ഡി.പി ഉത്പാദിപ്പിക്കുന്ന മരുന്നുകൾ ഗുണനിലവാരം പരിശോധിച്ച് എല്ലാ സർക്കാർ ആതുരാലയങ്ങളിലൂടെയും വിതരണം ചെയ്യുന്നതിനു സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (സി) ഗുണനിലവാര പരിശോധന കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടത്തിയതിനുശേഷമാണ് ആശുപത്രികളിൽ വിതരണം ചെയ്യുന്നത്. |

Ajith

സെക്ഷൻ ഓഫീസർ